# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2285 | 06-10-2016 -ൽ മറുപടിക്ക്

### മഴക്കുറവ് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. ടി.വി.ഇബ്രാഹിം**<br>**ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തൊട്ടാകെ നേരിടുന്ന മഴക്കുറവ് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | എ) | സംസ്ഥാന വരൾച്ചാ നിരീക്ഷണ കേന്ദ്രമായ സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം (State Emergency Operations Centre) മഴ കുറവിന്റെ സാദ്ധ്യതകൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. തെക്ക പടിഞ്ഞാറൻ കാലവർഷം നിലവിൽ മഴകുറവാണ് രേഖപ്പെടുത്തിയത് എന്നതു കൊണ്ട് മാത്രം കുടിവെള്ളക്ഷാമം ഉണ്ടാകും എന്ന് കരുതാൻ സാധിക്കില്ല. കേരളത്തിൽ വടക്ക് കിഴക്കൻ കാലാവർഷത്തിലും മഴലഭ്യതയ്ക്കു സാധ്യതയുണ്ട്. |
| ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) & സി) | ഉണ്ട്. മഴവെള്ളം സംരക്ഷിക്കുന്നതിനായി കൃഷിക്ക് അനുയോജ്യമായ രീതിയിൽ പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള കുളങ്ങളും സ്ഥിരം ശുദ്ധജല ഉറവിടങ്ങളും നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക. പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പുതിയ തടയണകൾ നിർമ്മിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനും ഇതിലേക്കായി താഴെ ത്തട്ടിൽ അനിവാര്യമായ പദ്ധതികൾ ഉറപ്പു വരുത്തുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എല്ലാ ജില്ലാ കളക്ടർമാർക്കും 2016 മെയ് മാസത്തിൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. സെപ്റ്റംബർ 30-ന് ശേഷമുള്ള സമഗ്രമായ |
| സി) | ഇതു മൂലമുണ്ടാകാവുന്ന പ്രതിസന്ധി പരിഹരിക്കാൻ ജില്ലാതലത്തിൽ ഏകോപനമുണ്ടാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സാഹചര്യ റിപ്പോർട്ടും തയ്യാറാക്കി വരുന്നു. കടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ ഉള്ള പ്രവർത്തനങ്ങൾ ഏകോപനത്തോട് കൂടി നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 04.03.2016-ലെ സർക്കുലർ നമ്പർ.16789/കെ3/2016/ഡി.എം.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ